<u>പത്രക്കുറിപ്പ്</u>

# രാത്രികാല കർഫ്യൂ:

## തിങ്കളാഴ്ച മുതൽ നഗരത്തിൽ വാഹന പരിശോധന കർശനമാക്കും

തിരുവനന്തപുരം:- കോവിഡ് രോഗവ്യാപനം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ സർക്കാർ പ്രഖ്യാപിച്ച രാത്രികാല കർഫ്യൂ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നഗരത്തിൽ രാത്രി വാഹന പരിശോധന കർശനമാക്കുമെന്ന് ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെയാണ് യാത്രാനിയന്ത്രണം. ആശുപത്രി സേവനങ്ങൾക്കും മറ്റ് അവശ്യസർവീസ് വിഭാഗങ്ങൾക്കും മാത്രമേ രാത്രി യാത്ര അനുവദിക്കുകയുള്ളൂ. അനാവശ്യയാത്ര നടത്തുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കും. ചരക്ക് വാഹനങ്ങൾക്കും യാത്ര അനുവദിക്കും. അവശ്യസർവീസ് വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്കും രാത്രി യാത്ര അനുവദിക്കും. ഈ വിഭാഗത്തിലുള്ളവർ അവരുടെ തിരിച്ചറിയൽ കാർഡ് കൈയ്യിൽ കരുതണം. അടുത്ത ബന്ധുക്കളുടെ മരണവുമായി ബന്ധപ്പെട്ട യാത്രകളും അനുവദിക്കുന്നതാണ്. ട്രെയിൻ - വിമാന യാത്രക്കാർക്ക് ടിക്കറ്റ് കാണിച്ചാൽ യാത്ര ചെയ്യാവുന്നതാണ്. കൂടാതെ മറ്റ്

അത്യാവശ്യയാത്രക്കാർക്ക് അടുത്ത പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള എസ്.എച്ച്.ഒ–മാരുടെ അനുമതിയോടെ യാത്ര അനുവദിക്കും.

നഗരത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളും കേന്ദ്രീകരിച്ച് പോലീസ് കർശനപരിശോധന നടത്തും. രോഗവ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കണമെന്നും, വിലക്കുലംഘനം നടത്തുന്നവർക്കെതിരെ കർശനനിയമനടപടികൾ സ്വീകരിക്കുമെന്നും പോലീസ് കമ്മീഷണർ അറിയിച്ചു.

## അറിയിപ്പ്

ഈ ഫോട്ടോയിൽ കാണുന്ന പേരും മേൽവിലാസവും തിരിച്ചറിഞ്ഞിട്ടില്ലാത്തതും ഉദ്ദേശം 50 വയസ്സ് പ്രായം തോന്നിക്കുന്നതും വെള്ള മുണ്ടും ഇളം പിങ്ക് നിറത്തിലുള്ള ഷർട്ടും ധരിച്ച പുരുഷനെ മരണപ്പെട്ട നിലയിൽ കാണപ്പെടുകയും, തമ്പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം. 1584/2021 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയുമാണ്.



ഇയാളെക്കുറിച്ച് എന്തെങ്കിലും വിവരം അറിയുന്നവർ ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥരുടെ താഴെപ്പറയുന്ന ഫോൺ നമ്പരുകളിലോ സിറ്റി പോലീസ് കൺട്രോൾ റൂമിലോ അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

| | | |
|---|---|---|
| എസ്.എച്ച്.ഒ തമ്പാനൂർ | - | 9497987013 |
| എസ്.ഐ തമ്പാനൂർ | - | 9497980046 |
| തമ്പാനൂർ പി.എസ് | - | 0471 – 2326543 |

തിരുവനന്തപുരം സിറ്റി

29-08-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി